(ബി) ഇപ്രകാരം എത്ര ഗ്രാമങ്ങളെ ഇതിനകം ദത്തെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കണ്ണൂർ ജില്ലയിലെ പെരളശ്ശേരിയിൽ പ്രവർത്തിക്കുന്ന എടക്കടവ് കയർ വ്യവസായ സഹകരണ സംഘത്തിൽ നിന്നും ഇതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) അപേക്ഷ കയർ ബോർഡിലേക്ക് ശുപാർശ ചെയ്ത് അയച്ചിരുന്നു. മാതൃകാ കയർ ഗ്രാമ പദ്ധതി കയർ ബോർഡ് നേരിട്ടാണ് നടപ്പിലാക്കുന്നത്. പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട വില്ലേജുകളുടെ വിവരം കയർ വികസന വകുപ്പ് കയർ ബോർഡിനെ അതാതു സമയങ്ങളിൽ അറിയിക്കാറുണ്ട്.

കയർഫെഡിന്റെ കൺസൾട്ടന്റ്

36(1377)ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർഫെഡിനുവേണ്ടി ഇന്റർനാഷണൽ കൺസൾട്ടന്റായി ഏതെങ്കിലും വ്യക്തിയേയോ സ്ഥാപനത്തേയോ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ആരെയാണ് ചുമതലപ്പെടുത്തിയതെന്നും എന്നുമുതലാണെന്നും വ്യക്തമാക്കുമോ;

(സി) ദുബായിൽ ബിസിനസ് നടത്തുന്ന ശ്രീ. ശൈലേന്ദ്രനെ കയർഫെഡിന്റെ കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ടോ; പ്രസ്തുത വ്യക്തിക്ക് എന്തെങ്കിലും പ്രതിഫലമോ, വേതനമോ നൽകുന്നുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) യാത്രപ്പടി ഇനത്തിൽ കയർഫെഡ് ശ്രീ. ശൈലേന്ദ്രന് എത്ര തുക ഇതുവരെ നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി)-(ഡി) ചോദ്യം ഉദിക്കുന്നില്ല.

കയർഫെഡിന് കയർ നൽകിയ വകയിൽ ലഭിക്കാനുള്ള കുടിശ്ശിക

37(1378)ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർഫെഡിന് കയർ നൽകിയ വകയിൽ സംസ്ഥാനത്തുള്ള സഹകരണ സംഘങ്ങൾക്ക് എന്തു തുക കൊടുക്കുവാനുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്നുമുതലുള്ള കുടിശ്ശിക ഇതിൽ ഉൾപ്പെടുന്നുണ്ടെന്ന് പറയുമോ?

ഉത്തരം

(എ) 92 ലക്ഷം രൂപ കയർഫെഡ് നൽകാനുണ്ട്.

(ബി) 2000 ഫെബ്രുവരി മാസം 15-ാം തീയതി മുതലുള്ള കുടിശ്ശികയാണ് നൽകാനുള്ളത്.

കയർ സഹകരണ സംഘങ്ങൾ

38 (1379)ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 1999 ഡിസംബർ 31 വരെ എത്ര കയർ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്ര സംഘങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) കേരളത്തിൽ 1999 ഡിസംബർ 31 വരെ 690 കയർ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയിൽ 564 എണ്ണം പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുത്തിരിക്കുന്നു.

ജില്ല	പ്രവർത്തിക്കുന്നവ	പ്രവർത്തിക്കാത്തവ	മൊത്തം
തിരുവനന്തപുരം	55	10	65
കൊല്ലം	96	27	123
ആലപ്പുഴ	165	58	223
കോട്ടയം	29	1	30
ഇടുക്കി	1	–	1
എറണാകുളം	29	6	35
തൃശ്ശൂർ	33	1	34
മലപ്പുറം	16	5	21
പാലക്കാട്	7	–	7
കോഴിക്കോട്	77	12	89
വയനാട്	1	–	1
കണ്ണൂർ	40	4	44
കാസർഗോഡ്	15	2	17
	564	126	690

LIBRARY ARCHIVES Kerala Legislative Assembly